**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4624 — 26.10.2016 ന് മറുപടിയ്ക്ക്.

**<u>ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ട്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ട് കേരളത്തിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | **(എ)** കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് ഉയർന്ന ആശങ്കകൾ 16.08.2016-ൽ ബഹു.വനം, വന്യജീവി, ക്ഷീരവികസനം, മൃഗശാലവകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയ്യുകയും, തുടർന്ന് പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് യു.എൻ.ഡി.പി യെ ചുമതലപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | **(ബി)** പെരിയാർ, ചാലക്കുടി, കാവേരി എന്നീ മൂന്നു പ്രധാന നദികളുടെ വൃഷ്ടിപ്രദേശമായ മൂന്നാർ ഹൈറേഞ്ച് ലാൻഡ്സ്കേപ്പിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. ഇടുക്കി, എറണാകുളം ജില്ലകളിലെ 33 ഗ്രാമപഞ്ചായത്തുകൾ, തൃശ്ശൂർ ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) ഈ പ്രോജക്റ്റിനായി പ്രതീക്ഷിക്കുന്ന വിദേശ സഹായം എത്രയെന്ന് വിശദമാക്കാമോ? | **(സി)** ഈ പദ്ധതിയ്ക്കാവശ്യമായ തുക UNDP-യുടെ GEF (Global Environment Facility) -ൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റാണ്. അംഗരാഷ്ട്രമെന്ന നിലയിൽ ഇന്ത്യയും GEF നിധിയിലേയ്ക്ക് സംഭാവന നല്കിവരുന്നുണ്ട്. ഇതിൽ GEF-ൽ നിന്നും ഏകദേശം 40 കോടി രൂപയാണ് ഗ്രാന്റായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നത്. |

V Beena

സെക്ഷൻ ഓഫീസർ